ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ്
ബോർഡ് ബിൽഡിംഗ്, ശാന്തി
നഗർ, തിരുവനന്തപുരം.
**തീയതി: 28/08/2009**

നം.എ.സി.ഡി/എസ്.പി.സി (2)/35677/09

# സർക്കുലർ

വിഷയം: ഓപ്പൺ സ്ക്കൂൾ മുഖേന ഹയർസെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷൻ – ഗവൺമെന്റ്/എയിഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : കേരളസ്റ്റേറ്റ് ഓപ്പൺ സ്കൂൾ കോഡിനേറ്ററുടെ A2/7571/08/KSOS/SCERT കത്ത്.

2009–10 വർഷം മുതൽ ഓപ്പൺസ്കൂൾ മുഖേനയുള്ള ഹയർസെക്കണ്ടറി പ്രൈവറ്റ് രജിസ്ട്രേഷൻ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഓപ്പൺ സ്കൂൾ കോഡിനേറ്റർ മേൽസൂചന പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ് എയിഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനം ഉപയോഗിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ സ്കൂളുകളിലെ ദൈനംദിന അക്കാദമിക് പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ സംസ്ഥാനത്തെ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിലെ കമ്പ്യൂട്ടർ/ഇന്റർനെറ്റ് സംവിധാനം ഉപയോഗിക്കുവാൻ ഓപ്പൺ സ്കൂൾ അധികൃതരെ അനുവദിക്കണമെന്ന് എല്ലാ പ്രിൻസിപ്പൽമാരേയും അറിയിക്കുന്നു.

ഡയറക്ടർ

To

1. എല്ലാ പ്രിൻസിപ്പൽമാർക്കും (ഔദ്യോഗികപോർട്ടൽ വഴി മാത്രം)
2. കോ ഓഡിനേറ്റർ
   ഓപ്പൺ സ്കൂൾ